**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5979** **09-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലപ്പുറം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ എവിടെയെല്ലാം മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളുമുണ്ടെന്ന് അറിയിക്കുമോ; ഇവ മികവുറ്റതാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും (ഇന്ദിരാഗാന്ധി സ്മാരക മോഡൽ റസിഡൻഷ്യൽ സ്കൂൾ, നിലമ്പൂർ), 10 പ്രീമെട്രിക് ഹോസ്റ്റലുകളും, പട്ടികജാതി വികസന വകുപ്പിന് കീഴിൽ 5 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>പട്ടികജാതി വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും, ഹോസ്റ്റലുകളിലേയും, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മെനു എന്നിവ സൂക്ഷ്മമായി പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങളും വിടവുകളും കണ്ടെത്തി ഓരോ വിദ്യാലയത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും, ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധാ പദ്ധതിയും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ സംരക്ഷണത്തിനും വ്യായാമത്തിനുമായി ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട്, എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ് സി.സി ടി വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ മുതലായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന്/ |

| | | | |
|---|---|---|---|
| | | | വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ ഉയർത്തുന്നതിനായി Remedial coaching, Individual academic planഉടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിലെ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഇന്ദിരാഗാന്ധി സ്മാരക മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | മലപ്പുറം മണ്ഡലത്തിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളും ഹോസ്റ്റലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | മലപ്പുറം മണ്ഡലത്തിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, ഹോസ്റ്റലുകളും ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ**

1. പ്രീമെട്രിക് ഹോസ്റ്റൽ, പരപ്പനങ്ങാടി (ആൺകുട്ടികൾ)
2. പ്രീമെട്രിക് ഹോസ്റ്റൽ, മഞ്ചേരി (പെൺകുട്ടികൾ)
3. പ്രീമെട്രിക് ഹോസ്റ്റൽ, മുക്കുതല, പെരുമ്പടപ്പ് (പെൺകുട്ടികൾ)
4. പ്രീമെട്രിക് ഹോസ്റ്റൽ, വണ്ടൂർ (പെൺകുട്ടികൾ)
5. പ്രീമെട്രിക് ഹോസ്റ്റൽ, തച്ചിങ്ങനാടം, പെരിന്തൽമണ്ണ (ആൺകുട്ടികൾ)

**പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ**

1. പ്രീ മെട്രിക്ക് ഹോസ്റ്റൽ, മണിമൂലി (പെൺ കുട്ടികൾ)
2. പ്രീ മെട്രിക്ക് ഹോസ്റ്റൽ, ചുങ്കത്തറ (പെൺ കുട്ടികൾ)
3. പ്രീ മെട്രിക്ക് ഹോസ്റ്റൽ, നിലമ്പൂർ (പെൺ കുട്ടികൾ)
4. പ്രീ മെട്രിക്ക് ഹോസ്റ്റൽ, പോത്തുകൽ (പെൺ കുട്ടികൾ)
5. പ്രീ മെട്രിക്ക് ഹോസ്റ്റൽ, നിലമ്പൂർ (ആൺ കുട്ടികൾ)
6. പ്രീ മെട്രിക്ക് ഹോസ്റ്റൽ, പൂക്കോട്ടുപാടം (ആൺ കുട്ടികൾ)
7. പ്രീ മെട്രിക്ക് ഹോസ്റ്റൽ, മമ്പാട് (ആൺ കുട്ടികൾ)
8. പ്രീ മെട്രിക്ക് ഹോസ്റ്റൽ, എടക്കര (ആൺ കുട്ടികൾ)
9. പ്രീ മെട്രിക്ക് ഹോസ്റ്റൽ, ചുങ്കത്തറ (ആൺ കുട്ടികൾ)
10. പ്രീ മെട്രിക്ക് ഹോസ്റ്റൽ, ഓടക്കയം (ആൺ കുട്ടികൾ)

**സെക്ഷൻ ഓഫീസർ**